പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4192 — 21.07.2015 ലെ മറുപടിയ്ക്ക്

## കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | കാർഷിക ഉൽപാദനമേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ; | (എ) | കാർഷിക ഉൽപാദന മേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് കൃഷി വകുപ്പ് പ്രത്യേക പഠനം നടത്തിയിട്ടില്ല. |
| (ബി) | കാർഷിക വിളവുകളുടെ ഉൽപാദനം , ഉൽപാദനക്ഷമത, വിലലഭ്യത , മാർക്കറ്റിംഗ് എന്നിവ കാര്യക്ഷമമാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ; | (ബി) | കാർഷിക വിളകളുടെ ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ കാര്യക്ഷമമാക്കുന്നതിനും ഉല്പന്നങ്ങൾക്ക് നല്ല വില ലഭിക്കുന്നതിനും കൃഷി വകുപ്പ് നടപ്പിലാക്കിയ സംസ്ഥാനാവിഷ്കൃത പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. നെൽകൃഷി വികസന പദ്ധതി<br>2. നാളികേര വികസന പദ്ധതി<br>3. കൃഷി വകുപ്പ് ഫാമുകളുടെ ശാക്തീകരണം<br>4. കുട്ടനാട് വികസനത്തിനുള്ള 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പദ്ധതി<br>5. വിള ആരോഗ്യ പരിപാലനം<br>6. സുഗന്ധവിളകളുടെ വികസനം<br>7. ഹൈ-ടെക് അഗ്രിക്കൾച്ചർ<br>8. പച്ചക്കറി വികസന പദ്ധതി<br>9. മണ്ണിന്റെ ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത വർദ്ധിപ്പിക്കലും<br>10. വയനാട് പാക്കേജ് പദ്ധതി<br>11. വിപണി വികസന പദ്ധതി<br>12. വിലസ്ഥിരതയ്ക്ക് വേണ്ടി വിപണി ഇടപെടൽ പദ്ധതി |
| (സി) | തൊഴിലാളികളുടെ ദൗർലഭ്യം , ഉൽപാദനോപാധികളുടെ വിലവർദ്ധനവ്, അനിയന്ത്രിതമായ നിലംനികത്തൽ , ഉൽപന്നങ്ങൾക്ക് ന്യായവില ലഭിക്കാതിരിക്കൽ, ജലസേചന സൗകര്യങ്ങളുടെ അഭാവം തുടങ്ങി ഈ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് കൃഷി | (സി) | കാർഷിക മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് കൃഷി വകുപ്പ് കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കർഷകതൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് അഗ്രോ സർവ്വീസ് സെന്ററുകൾ തെരഞ്ഞെടുത്ത 50 ബ്ലോക്കുകളിലും കാർഷിക കർമ്മസേനകൾ തെരഞ്ഞെടുത്ത 200 ഗ്രാമപഞ്ചായത്തുകളിലും രൂപീകരിച്ച് സജീവമായി |

| | |
|---|---|
| ആകർഷകമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | പ്രവർത്തിച്ചുവരുന്നു.<br><br>ഉല്പാദനോപാധികളുടെ വിലവർദ്ധനവിന് പരിഹാരമായി നെല്ല്, നാളികേരം, പച്ചക്കറി തുടങ്ങിയ പ്രധാന വിളകൾ അടിസ്ഥാനമാക്കി നടപ്പിലാക്കുന്ന വികസന പദ്ധതികളിലൂടെ കൃഷിയുടെ വിസ്തീർണ്ണത്തിന് ആനുപാതികമായി ധനസഹായം നൽകിവരുന്നു.<br><br>നിലം നികത്തൽ തടയുന്നതിനായി 2008-ലെ നെൽവയൽ നീർത്തട സംരക്ഷണ ആക്ട് നടപ്പിലാക്കി വരുന്നു. അനധികൃത നിലം നികത്തൽ നടന്നാൽ ബന്ധപ്പെട്ട കൃഷി ഓഫീസർ ഈ വിവരം തുടർ നടപടികൾക്കായി ജില്ലയിലെ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് രേഖാമൂലം റിപ്പോർട്ട് ചെയ്തുവരുന്നു.<br><br>ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിന് നെല്ല്, പച്ചത്തേങ്ങ എന്നിവയുടെ സംഭരണം യഥാക്രമം സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരഫെഡ് എന്നീ ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നു.<br><br>ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നാളികേര വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി എന്നിവയിലൂടെ കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും കർഷകരുടെ ക്ലസ്റ്ററുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നു. മുകളിൽ സൂചിപ്പിച്ച പദ്ധതികൾ നടപ്പിലാക്കുക വഴി കർഷകർ നേരിടുന്ന പ്രധാന കാർഷിക പ്രശ്നങ്ങൾക്ക് വലിയൊരളവു വരെ പരിഹാരം കണ്ടെത്തുവാനും കൃഷി ആകർഷകമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**